പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 7580 15.07.2014 ൽ മറുപടിയ്ക്ക്

**കൗൺസിൽ ഓഫ് ദളിത് ക്രിസ്ത്യൻ കേരള സമർപ്പിച്ച നിവേദനം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീമതി ജമീലാ പ്രകാശം | | ശ്രീ. ഉമ്മൻചാണ്ടി<br>(ബഹു. മുഖ്യമന്ത്രി) | |
| (എ) | കൗൺസിൽ ഓഫ് ദളിത് ക്രിസ്ത്യൻ കേരള 17/06/2014-ൽ മുഖ്യമന്ത്രിയ്ക്ക് ഒരു നിവേദനം സമർപ്പിച്ചിരുന്നോ; | (എ) | ഉണ്ട് |
| (ബി) | എങ്കിൽ ആ നിവേദനത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ; | (ബി) | അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (സി) | പിന്നോക്ക - ഒ.ഇ.സി വിഭാഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ഹയർസെക്കന്ററി വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയ്ക്കും പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയ്ക്കും ഉള്ള പ്രവേശനത്തിന് സംവരണം അനുവദിച്ചുകൊണ്ട് ഉത്തരവിറക്കിയപ്പോൾ ദളിത് ക്രൈസ്തവരെ അക്കൂട്ടത്തിൽ ഉൾപ്പെടുത്താതിരിക്കാൻ കാരണമെന്ത് ; | (സി) യും (ഡി) യും (ഇ) | പട്ടികജാതിയിൽ നിന്നും ക്രിസ്തുമതം സ്വീകരിച്ചവർക്ക് പ്രൊഫഷണൽ കോഴ്സുകൾക്ക് 1% സംവരണം ഉണ്ട്. അവർക്കൊപ്പം SIUC കൂടി ഇത് പങ്കിടുന്നു.<br>ഹയർസെക്കന്ററി കോഴ്സുകൾക്കും ബിരുദ ബിരുദാനന്തര കോഴ്സുകൾക്കും മറ്റു പിന്നോക്ക ക്രിസ്ത്യൻ വിഭാഗം എന്ന നിലയിൽ 1% സംവരണം ഉണ്ട്. ഈ രണ്ടിടത്തും SIUC, ലത്തീൻ കത്തോലിക്കർക്കൊപ്പമാണ് ഉൾപ്പെട്ടിട്ടുള്ളത്. |
| (ഡി) | വിശദാംശങ്ങൾ വ്യക്തമാക്കാമോ; | | |
| (ഇ) | ദളിത് ക്രൈസ്തവരെ കൂടി പ്രസ്തുത വിദ്യാഭ്യാസ സംവരണത്തിന്റെ പരിധിയിൽ ഉൾപ്പെടുത്താൻ തയ്യാറാകുമോ ? | (ഇ) | പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**